പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. 1456 　　　　11.08.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

**കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമ പ്രകാരം രൂപീകരിക്കപ്പെട്ട അതോറിറ്റിയുടെ പ്രവർത്തനം**

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി

**ഉത്തരം**

ഡോ. കെ. ടി. ജലീൽ
(തദ്ദേശ സ്വയംഭരണവും
ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ്
തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | 2015 ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം പ്രകാരം രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റെഗുലേറ്ററിഅതോറിറ്റിയുടെ ചെയർമാൻ, മെമ്പർമാർ, ഉദ്യോഗസ്ഥർ എന്നിവർക്ക് നിശ്ചയിക്കപ്പെട്ട ശമ്പളവും അലവൻസുകളും എത്ര വീതമാണ്; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; ഓഫീസ് ചെലവിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (എ) ആന്റ് (ബി) | കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2016 നിലവിൽ വന്നതിനെ തുടർന്ന് കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2015 റദ്ദാക്കപ്പെടുകയുണ്ടായി. കേരള നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. ശമ്പളം / അലവൻസ് ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| ബി) | പ്രസ്തുത ജീവനക്കാർക്ക് ശമ്പളം, അലവൻസ് എന്നിവയിൽ ഏതെങ്കിലും കുടിശ്ശിക നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ എത്ര മാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത് എന്നറിയിക്കാമോ; | | |
| സി) | 2017 ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റദ്ദാക്കൽ ബില്ലിന്റെ അടിസ്ഥാനത്തിൽ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ഓഫീസിന്റെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ആസ്തികൾ ആർക്കാണ് കൈമാറിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | സി) | കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2016 പ്രാബല്യത്തിൽ വരികയും കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2015 റദ്ദാക്കപ്പെടുകയും ചെയ്തതോടെ കേരള നിയമം അനുസരിച്ച് രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം ഇല്ലാതായിരിക്കുകയാണ്. കേന്ദ്ര നിയമമനുസരിച്ചുള്ള പുതിയ അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ